**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3279** **13-07-2022 - ൽ മറുപടിയ്ക്ക്**

**റെലീസ് പോർട്ടൽ വഴി സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എ. രാജ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂമി തട്ടിപ്പുകളും വിവരങ്ങൾ മറച്ചുകൊണ്ടുള്ള തിരിമറികളും തടയുന്നതിനായി പ്രത്യേകമായി തണ്ടപ്പേർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ ഭൂമി സംബന്ധമായ ഇടപാടുകളിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകും; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഒരു പൗരന് ഒരു തണ്ടപ്പേർ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് യുണീക്ക് തണ്ടപ്പേർ. റവന്യൂ വകുപ്പിന്റെ ReLIS സോഫ്റ്റ് വെയറിൽ യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിലൂടെ ലഭ്യമാകുന്ന OTP ഉപയോഗിച്ച് ഓൺലൈനായോ വില്ലേജ് ഓഫീസിൽ നേരിട്ട് എത്തി OTP മുഖാന്തിരമോ ബയോമെട്രിക് സംവിധാനത്തിൽ വിരലടയാളം പതിപ്പിച്ചോ പൊതുജനത്തിന് തണ്ടപ്പേരിനെ ആധാറുമായി ബന്ധിപ്പിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ബന്ധപ്പെട്ട വില്ലേജാഫീസർ പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് യൂണിക്ക് തണ്ടപ്പേർ നമ്പർ ലഭിക്കുന്നതും, ഭൂമിയുടെ വിവരങ്ങൾ ഈ നമ്പരിൽ ബന്ധിപ്പിക്കാവുന്നതുമാണ്. ഇത്തരത്തിൽ തണ്ടപ്പേർ ആധാറുമായി ബന്ധിപ്പിക്കുക വഴി ഭൂമിയുമായി ബന്ധപ്പെട്ട നടക്കുന്ന തിരിമറികളും തട്ടിപ്പുകളും ഒരു പരിധി വരെ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. തണ്ടപ്പേർ ആധാറുമായി ബന്ധിപ്പിക്കുന്നതിലൂടെ ഒരു വ്യക്തിക്ക് സംസ്ഥാനത്ത് എവിടെയും തന്റെ പേരിലുള്ള ഭൂമി ഒരുമിച്ച് ലിസ്റ്റ് ചെയ്ത് കാണാവുന്നതുമാണ്. 01/06/2022 ലെ സ.ഉ (സാധാ)നം.2626/2022/റവ നമ്പർ പ്രകാരം യുണീക്ക് തണ്ടപ്പേർ നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) | വസ്തു ഉടമകൾക്ക് റവന്യൂ വകുപ്പിന്റെ റെലിസ് പോർട്ടലുമായി വസ്തു വിവരങ്ങളും മറ്റ് വിവരങ്ങളും ലിങ്ക് ചെയ്യുന്നതുവഴി ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | യൂണിക് തണ്ടപ്പേർ നമ്പർ പ്രാബല്യത്തിലാക്കുന്നതിലൂടെ ചുവടെ പറയുന്ന പ്രയോജനങ്ങൾ ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | 1. സംസ്ഥാനത്തെ ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒരു നമ്പറിൽ രേഖപ്പെടുത്തുന്നു.<br>2. ഒരു ഭൂവുടമയ്ക്ക് സംസ്ഥാനത്തെ ഏത് വില്ലേജിലുമുള്ള ഭൂമിയുടെയും വിവരങ്ങൾ ഒറ്റ തണ്ടപ്പേർ നമ്പരിൽ ലഭ്യമാകും.<br>3. മിച്ചഭൂമി കണ്ടെത്തുന്നതിന് സഹായകമാകും.<br>4. ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും സുരക്ഷിതമാക്കുന്നതിനും സാധിക്കും.<br>5. ഭൂസംബന്ധമായ ഇടപാടുകൾ സുഗമമാക്കുന്നതിനും ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കും.<br>6. ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും സാധിക്കും.<br>7. വസ്തു വിവരം മറച്ച് വെച്ച് ആനുകൂല്യങ്ങൾ നേടുന്നത് തടയാൻ കഴിയും.<br>8. വിള ഇൻഷ്വറൻസിനും മറ്റ് കാർഷിക സബ്സിഡികൾക്കും പ്രയോജനം ചെയ്യും.<br>9. റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമാക്കുവാൻ സാധിക്കും .<br>10. ബന്ധപ്പെട്ട വിവിധ സേവനങ്ങൾ വേഗത്തിലാക്കുവാൻ സാധിക്കും.<br>11. ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങളും നികുതി രസീതും ഡിജിലോക്കറിൽ സൂക്ഷിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ